# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 290 05/03/2012 ൽ മറുപടിക്ക്

### കശുവണ്ടിയുടെ വാണിജ്യ നികുതി

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്: | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കശുവണ്ടിയുടെ വാണിജ്യ നികുതി ഈടാക്കുന്നതിനായി വാണിജ്യ നികുതി വകുപ്പ് നാടൻ തോട്ടണ്ടിയുടെ തറവില നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ തറവില എത്ര; ഇതിനുള്ള മാനദണ്ഡങ്ങൾ എന്താണ്; | (ബി) തറവില ഒരു കിലോയ്ക്ക് 65 രൂപയാണ്. തറവില നിശ്ചയിക്കുന്നതിന് വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സ്ഥിരം സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി KSCDC, CAPEX എന്നിവയിൽ നിന്നും Field Study നടത്തിയും നിലവിലുള്ള മാർക്കറ്റ് വില കണക്കിലെടുത്തുമാണ് തറവില നിശ്ചയിക്കുന്നത്. |

.........2

(സി) വിപണിയിൽ ഇപ്രകാരം നിശ്ചയിക്കുന്ന തറവില കശുവണ്ടി കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) നികുതി ഈടാക്കുന്നതിന് വേണ്ടിയുള്ള തറവിലയാണ് വാണിജ്യ നികുതി വകുപ്പ് നിശ്ചയിക്കുന്നത്. ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് മുൻകൂർ നികുതി ഈടാക്കുന്നതിനും സംസ്ഥാനത്ത് കശുവണ്ടിക്ക് ഒരേപോലെ നികുതി ഈടാക്കുന്നതിനും വേണ്ടിയാണ് തറവില നിശ്ചയിക്കുന്നത്. യഥാർത്ഥ വില്പന വില കുറവാണെങ്കിൽ അസ്സസ്സ്മെന്റ് സമയത്ത് രജിസ്റ്റേർഡ് വ്യാപാരിക്ക് പരിഹാരം കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ